# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1926        14.07.2011-ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഹംസ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ജലമലിനീകരണം നടന്നിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് ഭൂജലമലിനീകരണം നടന്നിട്ടുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജിയുമായി ചേർന്ന് ഭൂജലവകുപ്പ് ജലഗുണനിലവാരം പഠനം നടത്തുന്നു. നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആംബിയന്റ് വാട്ടർ ക്വാളിറ്റി പദ്ധതിയിലും ( സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ്) ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ നദികളിലെയും വിവിധ ലൊക്കേഷനുകളിൽ നിന്ന് വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. കൂടാതെ കായലുകളിൽ 11 സ്ഥലങ്ങളിലും തെരഞ്ഞെടുത്ത 29 കിണറുകളിലും 4 ജലസംഭരണികളിലും പത്മതീർത്ഥകുളത്തിലും ക്രമമായി ജലഗുണ നിലവാരം പരിശോധന നടത്തി വരുന്നു. സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിവിധ നദികളിലായി 119 സ്ഥലങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് നദീജല ഗുണനിലവാരം തിട്ടപ്പെടുത്തുന്നു. |

| | |
|---|---|
| ബി) സംസ്ഥാനത്തെ കുടി വെള്ള പദ്ധതികളുടെ സ്രോതസ്സു കളായ പുഴകൾ എല്ലാം തന്നെ മലിനമാക്കപ്പെട്ടവയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മലിനീകരണം ഇല്ലാതാക്കു ന്നതിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ നദികളും മറ്റു ജലാശയങ്ങളും മുഖ്യമായി നേരിടുന്നത് , സീവേജ് മലിനീകരണമാണ്. ജലാശയങ്ങളുടെ തീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സീവേജും ഗാർബേജും ഉൾപ്പെടെയുള്ള ഗാർഹിക മാലിന്യങ്ങൾ ജലാശയങ്ങളിൽ എത്തിച്ചേർന്ന് മലിനീകരണം സൃഷ്ടിക്കുന്നു. നഗരങ്ങളിലും പട്ടണങ്ങളിലും ഉണ്ടാകുന്ന സീവേജ് ശേഖരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും മതിയായ സംവിധാനം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. പലപ്പോഴും സീവേജ് നേരിട്ടോ ഓടകൾ വഴിയോ മണ്ണിലൂടെ ഊർന്നിറങ്ങിയോ കിണറുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ എത്തിച്ചേരുന്നത് മലിനീകരണത്തിനിടയാക്കുന്നു. ബോർഡ് നടത്തുന്ന പഠനങ്ങൾ അനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ പുഴകളിലെല്ലാം തന്നെ സീവേജ് മലിനീകരണം നിമിത്തമുണ്ടാകുന്ന കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കണ്ടു വരുന്നു. എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സിവറേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുകയും നദിയുടെ ഇരുകരകളിലുമുള്ള വീടുകളിൽ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം കൂടി ഏർപ്പെടുത്തുകയും ചെയ്താൽ പ്രശ്നപരിഹാരമാകും.<br><br>വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ , പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ പുറത്തുവിടുന്ന മാലിന്യങ്ങൾ നിമിത്തം ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാൻ നടപടികൾ ബോർഡ് കൈക്കൊണ്ടു വരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾക്ക് പരിധി നിശ്ചയിക്കുക, ശുദ്ധീകരണ സംവിധാനങ്ങൾ |

| | |
|---|---|
| | ഏർപ്പെടുത്തിക്കുക. ശുദ്ധീകരണ സംവിധാനങ്ങളുടെ പര്യാപ്തതയും പ്രവർത്തനവും പരിശോധനകളിലൂടെ ഉറപ്പ് വരുത്തുക. ബോർഡിന്റെ അനുമതിപത്രം എടുപ്പിക്കുക തുടങ്ങിയ നടപടികൾ ഇക്കാര്യത്തിൽ ബോർഡ് സ്വീകരിച്ചു വരുന്നു.<br>2009 ഒക്ടോബർ 7-ന് വിജ്ഞാപനം ചെയ്ത 2009-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്, 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവ പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമായി പറഞ്ഞിരിക്കുന്നു. ടി കുറ്റം തെളിഞ്ഞ് സ്ഥാപിക്കപ്പെട്ടാൽ പതിനായിരം രൂപയിൽ കുറയാത്തതും ഇരുപത്തയ്യായിരം രൂപയിൽ കവിയാത്തതുമുള്ള പിഴയും, ആറുമാസത്തിൽ കുറയാത്തതും ഒരു വർഷത്തിൽ കവിയാത്തതുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കാവുന്നതാണ്. |
| (സി) ഭൂഗർഭജലം ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ഇല്ലാതായി വരുന്നു എന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുഴൽ കിണറുകൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ റീചാർജ്ജ് ചെയ്യുന്നതിനായി ജലസംരക്ഷണ പ്രവർത്തനത്തിന് തയ്യാറാക്കിയ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) 2004 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാനത്തെ ഭൂജലത്തെക്കുറിച്ചുള്ള റിപ്പോർട്ടിൻപ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത 6228.55 എം.സി.എം ആണ്. 46.7% ആണ് 2004 ൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ടി റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ അമിതചൂഷണ മേഖലയായും, 15 ബ്ലോക്കുകൾ ഗുരുതര ബ്ലോക്കുകളായും, 30 ബ്ലോക്കുകൾ ഭാഗിക ഗുരുതരമായും തരംതിരിച്ചിട്ടുണ്ട്. |

| | |
|---|---|
| | ഭൂജല സംരക്ഷണത്തിനായി ഭൂജലസംരക്ഷണവും കൃത്രിമമായി സംഭരിക്കലും, ഭൂജല നിയന്ത്രണവും ക്രമീകരണവും എന്നീ രണ്ടു പദ്ധതികൾ ഇപ്പോൾ ഭൂജലവകുപ്പ് നടപ്പാക്കി വരുന്നു. 2011-12 സാമ്പത്തികവർഷം അമിതജലചൂഷണ മേഖലകളിൽ കൂടുതൽ പ്രാധാന്യം നൽകികൊണ്ട് കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങളായ വിവിധതരം ചെക്ക് ഡാമുകൾ, കിണറുകൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാർ എത്ര തുക നീക്കി വച്ചു എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കുമോ? | (ഡി) ജല, വായു സംരക്ഷണത്തിനായി വാർഷിക പദ്ധതികളിലൂടെ കഴിഞ്ഞ നാലു വർഷം 650 ലക്ഷം രൂപ മലിനീകരണ നിയന്ത്രണ ബോർഡ് ചെലവാക്കിയിട്ടുണ്ട്. ജലഗുണനിലവാര പരിശോധന, പരിശോധനാ റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം, ജലമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കുള്ള സാമ്പത്തിക സഹായം, ജല സംരക്ഷണത്തിനുള്ള ഗവേഷണ പഠനങ്ങൾ, സർവ്വേ, ആഘാതപഠനങ്ങൾ എന്നീ പദ്ധതി പ്രവർത്തനങ്ങളിലൂടെയാണ് മുഖ്യമായും ഈ തുക ചെലവാക്കിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലസംരക്ഷണത്തിന്റെ ഭാഗമായ മോണിറ്ററിംഗിനും ആയതിന്റെ ഡയറക്ടറി തയ്യാറാക്കിയതിനുമായി 6 ലക്ഷത്തോളം രൂപയും എരുമേലിയിൽ മലിനജല ശുദ്ധീകരണ പ്ലാന്റ് ഏർപ്പെടുത്തിയ വകയിൽ 12.5 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി തടയണകളുടെയും, റെഗുലേറ്ററുകളുടെയും നിർമ്മാണത്തിനായി 2006-2011 കാലയളവിൽ |

15428.38 ലക്ഷം രൂപ ജലസേചന വകുപ്പിൽ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ ഇതു കൂടാതെ ജലസേചന സംരക്ഷണപ്രവർത്തനങ്ങൾക്കായി 1799.69 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കൃഷിക്ക് ഫലപ്രദമായ രീതിയിൽ ജലം കെട്ടി നിർത്തി സംരക്ഷിക്കുവാനായി തടയണകളുടെ നിർമ്മാണവും ജലാശയങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുവാനായി റെഗുലേറ്ററുകളുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

ഭൂജല സംരക്ഷണവും, കൃത്രിമമായി സംഭരിക്കലും, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്നീ രണ്ടു പദ്ധതികളാണ് ഭൂജലവകുപ്പ് നടപ്പാക്കി വരുന്നത്. ഇതിലേക്കായി 252 ലക്ഷം രൂപ മുൻസർക്കാരിന്റെ കാലത്ത് നീക്കി വച്ചിരുന്നു ( 2006-2011). ആയതുപയോഗപ്പെടുത്തി വിവിധതരം തടയണകൾ ചെറിയ കിണറുകൾ, കുഴൽ കിണറുകളുടെ റീചാർജിംഗ് നടത്തുകയും, ഭൂജല സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച സെമിനാറുകൾ, ഡോക്യുമെന്ററി, ചെറിയ ലഘുചിത്രങ്ങൾ എന്നിവ ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ